ശ്രീ രാം ചന്ദ്ര മിഷൻ

ECHOES
ഇന്ത്യ
വാർത്താപത്രിക

# പൂജ്യ ബാബുജി മഹരാജിൻെറ 116–ാം ജന്മദിനാഘോഷം




## പ്രാരംഭ വിളംബരം

2015, ജനുവരി 12ന ആദരണീയനായ കമലേഷ് ഭായ് ഒരു സഹജ സന്ദേശത്തിലൂടെ (ഇ–മെയിൽ സന്ദേശം) ലോകമെമ്പാടുമുള്ള അഭ്യാസികളോട് ഉത്തർ പ്രദേശിലെ ലഖ്നൗവിൽ വെച്ച്, ഏപ്രിൽ 29 മുതൽ മെയ് 1 വരെ, പൂജ്യ ബാബുജി മഹരാജിൻെറ ജന്മദിനാഘോഷം നടത്തുവാനുള്ള തീരുമാനമറിയിക്കുകയും പറ്റാവുന്നിടത്തോളം ആളുകൾ അവിടെ ഒത്തുചേരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

## ഒരുക്കങ്ങൾ

ലഖ്നൗവാണ് ആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്നതെന്ന അറിയിപ്പ് വന്നയുടൻ തന്നെ ഒരുക്കങ്ങൾ തുടങ്ങി. 2010–ഇൽ നടന്ന പ്രിയങ്കരനായ ചാരിജിയുടെ ജന്മദിനാഘോഷങ്ങൾക്ക് ശേഷം അഞ്ച് നീണ്ട വർഷങ്ങൾ കഴിഞ്ഞ് വന്ന ഈ അവസരം എല്ലാവരിലും വലിയ ആകാംക്ഷയുളവാക്കി.

സജ്ജീകരണങ്ങളെക്കുറിച്ചുള്ള വിജ്ഞാപനങ്ങളിറക്കിയും രജിസ്ട്രേഷൻ ജോലികൾ തുടങ്ങിയും പ്രവർത്തനമാരംഭിച്ച ആഘോഷക്കമ്മിറ്റി തുടർന്ന് ഈ ആഘോഷത്തിൽ പങ്കുചേരുന്ന എല്ലാവർക്കും, അവിടത്തെ പ്രത്യേക അന്തരീക്ഷത്തിൽ ലയിച്ച് ചേരാനുതകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുവാനായി വളൻറിയർമാരുടെ നിരവധി സംഘങ്ങൾ രൂപികരിച്ചു. ചെറുതെങ്കിലും അർപ്പണബോധമുള്ള ഒരു സംഘം വളൻറിയർമാർ ഉത്സവസ്ഥലത്ത് അക്ഷീണം പ്രയത്നിച്ചു. ഏപ്രിൽ 15–ന ഒരുക്കങ്ങൾ വിലയിരുത്താൻ ലഖ്നൗ ആശ്രമത്തിലെത്തിയ കമലേഷ് ഭായ് അടുക്കള, താമസസ്ഥലം, സുഖ് നിവാസ്, കാൻറീൻ, പുസ്തകശാല (ബുക്ക് സ്റ്റാൾ), ആരോഗ്യകേന്ദ്രം, കുട്ടികളുടെ സെൻറർ എന്നിവയും പണി നടന്നു കൊണ്ടിരിക്കുന്ന മറ്റ് വിഭാഗങ്ങളും ചുറ്റിക്കണ്ടു. ഒരുക്കങ്ങളുടെ പുരോഗതിയിൽ സന്തോഷവാനായ അദ്ദേഹം അത് മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകി.

## ഭണ്ഡാരക്കായുള്ള മാസ്റ്ററുടെ വരവ്

ഏപ്രിൽ 27–ന ഉച്ചക്ക് ഹൈദരാബാദിൽ നിന്നും കമലേഷ് ഭായ് ആഘോഷങ്ങൾക്കായ് ലഖ്നൗവിൽ എത്തിച്ചേർന്നു. ഏറെക്കാലമായ് കാത്തിരുന്ന ആഘോഷത്തിൻെറ പ്രതീക്ഷയിൽ എല്ലാവരും അദ്ദേഹത്തെ ഊഷ്മളമായി വരവേറ്റു.

അദ്ദേഹം 27–ന വൈകീട്ടൊരു സത്സംഗവും 28–ന രണ്ട് സത്സംഗങ്ങളും നടത്തി. 28–ന രാവിലെ കാൻറീനിൽ മൂന്ന് മണിക്കൂറിലേറേ സമയം ടോക്കണുകൾ വിതരണം ചെയ്യുന്നത് കണ്ട് ആശ്ചര്യംപൂണ്ട അഭ്യാസികൾ അദ്ദേഹത്തിൽ നിന്നും നേരിട്ട് ടോക്കൺ വാങ്ങുവാനായി വരിയിൽ നിന്നു. അന്നേദിവസം തന്നെ അദ്ദേഹം 5 വിവാഹങ്ങളും നടത്തിക്കൊടുത്തു.



## വേദി

ഇങ്ങനെയുള്ളൊരു വലിയ ജനസദസ്സിനെ ഉൾക്കൊള്ളാനായി എല്ലാ സജ്ജീകരണങ്ങളുമൊരുക്കിയിരുന്നതു വളരെ വിശാലമായ പ്രദേശത്തായിരുന്നു. ഒരു ഭാഗത്ത് രജിസ്ട്രേഷനുള്ള സൗകര്യവും, ശയ്യോപകരണങ്ങൾ, ടെൻറുകൾ മുതലായവയും പ്രധാന അടുക്കളയും അഭ്യാസികൾക്കായുള്ള ഭക്ഷണശാലയും ഒരുക്കിയിരുന്നു. ധ്യാനമന്ദിരത്തിലേക്കുള്ള വഴിയിൽ കുടിവെള്ളവിതരണം, പുസ്തകശാല, സംഭാവന സ്വീകരിക്കുന്ന സ്ഥലം, ബാങ്ക് തുടങ്ങിയ സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നു, ഇവ കൂടാതെ ധാരാളം രുചിയേറിയ ഭക്ഷണ പദാർത്ഥങ്ങൾ ലഭിക്കുന്ന കാൻറീനും അവിടെ ഒരുക്കിയിരുന്നു. കുട്ടികളുടെ സെൻറർ ഒരുക്കിയിരുന്നത് കാൻറീനിൽ നിന്നും ധ്യാന മന്ദിരത്തിലേക്ക് പോകുന്ന വഴിയിലായിരുന്നതിനാൽ അഭ്യാസികൾക്ക് എളുപ്പം കുട്ടികളെ അവിടെയാക്കി ധ്യാനത്തിന് പോകുവാൻ സൗകര്യമായി. ടെൻറുകളുടെ ഭാഗത്ത് നിന്നും അഭ്യാസികൾക്ക് ധ്യാനമന്ദിരത്തിലേക്ക് വരുവാനായി യാത്രാസൗകര്യങ്ങളും ഒരുക്കിയിരുന്നു. കൊച്ചു കാൻറീനോടു കൂടിയ "സുഖ് നിവാസ്" എന്നറിയപ്പെടുന്ന സൗകര്യങ്ങളടങ്ങിയ ഡോർമിറ്ററി ഒരുക്കിയിരുന്നത് ധ്യാനമന്ദിരത്തിൻെറ ഒരു വശത്തായിരുന്നു, മറു വശത്തായിരുന്നു മാസ്റ്ററുടെ കോട്ടേജ്.

പുസ്തകശാല ഇത്തവണ വളരെ വിശാലമായിരുന്നു, അതിൽ ഒരു വശത്ത് ഫോട്ടോകളുടെ വിൽപ്പനക്കായി വലിയൊരു വിഭാഗം തന്നെയൊരുക്കിയിരുന്നു. ഇത്തവണത്തെ പുതിയ സമീപനം അഭ്യാസികളിലൊരു വാണിഭകേന്ദ്രത്തിൻെറ (ഷോപ്പിംഗ് മാൾ) പ്രതീതിയുളവാക്കി. ഒരാൾക്ക് ഒരു സ്റ്റാളിൽ നിന്നും മറ്റൊന്നിലേക്ക്, തനിക്ക് വേണ്ട പുസ്തകങ്ങൾ, ഡിവിഡികൾ, സീഡികൾ തുടങ്ങിയവ വഴിയേ തിരഞ്ഞെടുത്തുകൊണ്ട്, നീങ്ങുവാനുള്ള സൗകര്യമുണ്ടായിരുന്നു. നേരിട്ട് പണമായോ അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് വഴിയോ വിലയടക്കാൻ സൗകര്യമുള്ള പത്ത് കൗണ്ടറുകളുള്ളൊരു കേന്ദ്രീകൃത ബില്ലിംഗ് സംവിധാനമായിരുന്നു സജ്ജീകരിച്ചിരുന്നത്. ടെലിഫോൺ ശൃംഖലകളുടെ ബന്ധങ്ങൾ ഇടക്ക് വിച്ഛേദിക്കുന്നത് ക്രെഡിറ്റ് കാർഡ് വഴി പണമടച്ചവർക്ക് പ്രയാസം സൃഷ്ടിച്ചെങ്കിലും ഈ സമീപനം ഏവർക്കുമൊരു നവ അനുഭവമേകി.



## ധ്യാന മന്ദിരം

പക്ഷെ ഏറ്റവും ഹൃദയഹാരിയായത് 1,54,000 ചതുരശ്ര അടി വിസ്തൃതിയുള്ള അതി ഗംഭീരമായ ധ്യാനമന്ദിരമായിരുന്നു. പ്രത്യേക ജർമ്മൻ സാങ്കേതിക വിദ്യയുപയോഗിച്ചായിരുന്നു അതിൻെറ നിർമ്മാണം. എകദേശം 130 അടി ഇടയകലത്തിൽ വരെ ഒരു താങ്ങ് തൂണും ആവശ്യമില്ലാത്തതിനാൽ അഭ്യാസികൾക്കേവർക്കും തടസ്സമില്ലാതെ വേദി മുഴുവനും കാണുവാൻ സാധിച്ചു. വേദിയിലെ പരിപാടികൾ സൗകര്യപൂർവ്വം അഭ്യാസികൾക്ക് കാണുവാനായി നിരവധി LED സ്ക്രീനുകളുണ്ടായിരുന്നു. നിലത്തിരുന്ന് ധ്യാനിക്കുവാൻ താൽപ്പര്യമുള്ളവർക്കും, സ്വന്തം കസേരകൾ കൊണ്ടുവന്നവർക്കും പ്രത്യേകം വിഭാഗങ്ങളൊരുക്കിയിരുന്നു. ഇത് കൂടാതെ കസേരകൾ ആവശ്യമുള്ളവർക്കായി അവ നിരത്തിയ വലിയൊരു വിഭാഗവുമുണ്ടായിരുന്നു. ലഖ്നൗവിലെ ചൂട് കണക്കിലെടുത്തുകൊണ്ട് മേൽക്കൂരയിൽ പ്രത്യേകതരം PVC ഷീറ്റുകൾ വിന്യസിച്ചിരുന്നു. ഇവ ചൂട് കുറക്കുവാൻ മാത്രമല്ല വെള്ളം കടക്കാതിരിക്കാൻ സഹായിക്കുകയും ചെയ്തു. ഹാളിൽ ധാരാളം സീലിംഗ് ഫാനുകളും വശങ്ങളിൽ ജലകണങ്ങൾ തളിക്കുന്ന പ്രത്യേക ഫാനുകളും ഒരുക്കിയിരുന്നത് സൗകര്യപൂർവ്വം ധ്യാനിക്കാനുതകുന്ന അന്തരീക്ഷമൊരുക്കി.

സന്നദ്ധ സേവകർ

അർപ്പണബോധമുള്ള സന്നദ്ധ സേവകരില്ലാതെ അഘോഷങ്ങളൊന്നും തന്നെ പൂർണ്ണമായും വിജയിക്കില്ല. ഗതാഗതം, ധ്യാന മന്ദിരം, സെക്യൂരിറ്റി, മെഡിക്കൽ തുടങ്ങി എല്ലാ മേഖലകളിലും പ്രായഭേദമന്യേ അഭ്യാസികൾ സന്നദ്ധസേവനത്തിനുണ്ടായിരുന്നു. ഇവർ വ്യത്യസ്ത ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള ബാൻറുകൾ കൈകളിൽ ധരിച്ചത് ഏവർക്കും കൗതുകമായി. സെക്യൂരിറ്റി വിഭാഗത്തിലെ സേവകർ 'വിനയം' എന്നും താമസസൗകര്യമേർപ്പെടുത്തുന്നവർ





'സേവനം' എന്നും മെഡിക്കൽ വിഭാഗത്തിലുള്ളവർ 'സ്നേഹം' എന്നും ധ്യാനമന്ദിരത്തിലുള്ള സേവകർ 'മൗനം' എന്നുമെഴുതിയ ബാൻറുകളാണ് ധരിച്ചത്.

## രജിസ്ട്രേഷൻ

2800 ഓളം കുട്ടികളടക്കം 20000 അഭ്യാസികൾ ഭണ്ഡാരയിൽ പങ്കെടുത്തു.

## ആഘോഷം

ഇരുപത്തൊമ്പതാം തിയ്യതി രാവിലെ 6:30നുള്ള സത്സംഗത്തോടെ ആഘോഷം തുടങ്ങി. ആദരണീയ ബാബുജി ഒരു വശത്തും 'പരിശുദ്ധ സ്നേഹവുമായുള്ള ഏകത്വം' എന്ന വാചകം മറു വശത്തുമുള്ള മനോഹരമായ പശ്ചാത്തലത്താൽ വേദി അലങ്കരിച്ചിരുന്നു.

സത്സംഗത്തിനു ശേഷം പുതിയ ഡിവിഡികളും ഓഡിയോബുക്കുകളും പ്രകാശനം ചെയ്യുന്നതിനായി അനവധി കുട്ടികളെ വേദിയിൽ പങ്കെടുപ്പിച്ചു.

## മാസ്റ്ററുടെ ആദ്യ പ്രഭാഷണം

പ്രാർത്ഥന, ശുദ്ധീകരണം, അവസ്ഥ നിലനിർത്തുന്നതിൻെറ പ്രാധാന്യം എന്നീ വിഷയങ്ങളെ കുറിച്ച് കമലേഷ് ഭായ് നടത്തിയ പ്രഭാഷണം അഭ്യാസികൾക്ക് ഉന്മേഷം നൽകി.

- 'ഞങ്ങളിന്നും ആശകൾക്കടിമകളാണ്' എന്നും 'ഞങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്ന ദൈവവും ശക്തിയും അങ്ങു മാത്രമാണ്' എന്നും നമ്മൾ സഹജമാർഗത്തിൽ പറയാറുണ്ട്. അതായത് 'ഞാൻ' എന്ന ഏകവചനത്തിനു പകരം 'ഞങ്ങൾ' എന്ന ബഹുവചനമാണ് ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും പ്രാർത്ഥന നമ്മളിലേയ്ക്ക് മാത്രം ഒതുക്കാനാണ് ശ്രമിക്കാറുള്ളത്. പ്രാർത്ഥന ഒരാൾക്ക് വേണ്ടി മാത്രമുള്ളതല്ല, എല്ലാവർക്കും വേണ്ടിയുള്ളതാണ്.
- ശുദ്ധീകരണം – സങ്കീർണ്ണതകളെല്ലാം പുറത്തേക്ക് പോകുന്നു എന്ന ചിന്തയോടെ ഇരിക്കുമ്പോൾ ലാളിത്യമാണ് ബാക്കിയാവുന്നത്. മാലിന്യങ്ങളെല്ലാം പുറത്തു പോവുമ്പോൾ ബാക്കിയാവുന്നത് പരിശുദ്ധിയാണ്.
- അവസ്ഥ – ഒൻപതു മാസം അമ്മ തൻെറ ഗർഭസ്ഥ ശിശുവിനെ ചുമക്കുന്നതു പോലെ മാസ്റ്റർ തൻെറ ശിഷ്യനെ മനസിൽ പരിപാലിച്ച് ഏഴു മാസങ്ങൾക്ക് ശേഷം നമ്മുടെ ആത്മീയ സത്ത എത്തിച്ചേരേണ്ടതായ ദിവ്യ ലോകത്ത് എത്തിക്കുന്നു. അഭ്യാസികൾ മാസ്റ്ററുമായുള്ള ആന്തരിക ബന്ധം എപ്പോഴും നിലനിർത്തണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. ഇതിനു അച്ചടക്കം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

11 മണിയുടെ സത്സംഗത്തിനു ശേഷം രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ വാല്യം 5 എന്ന പുസ്തകം പ്രത്യേക പതിപ്പായി പ്രകാശനം ചെയ്തതായി അറിയിച്ചു. 1940കൾ മുതൽ 1970-കൾ വരെയുള്ള ബാബുജിയുടെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലാത്ത ലേഖനങ്ങളും കൂടാതെ കത്തുകളിൽ നിന്നും അനൗപചാരിക സംഭാഷണങ്ങളിൽ നിന്നുമുള്ള





സാരാംശങ്ങളുമാണ് ഈ പുസ്തകത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

സ്നേഹത്തെപ്പറ്റിയും അഭ്യാസികൾ പരിശീലനം ഉപേക്ഷിക്കുന്നതിൻെറ കാരണത്തെപ്പറ്റിയും മാറ്റത്തെ സ്വാഗതം ചെയ്യാനും ക്ഷണിക്കാനുമുള്ള ആവശ്യകതയെപ്പറ്റിയും വൈകുന്നേരം 5.30തിൻെറ സത്സംഗത്തിനു ശേഷം അദ്ദേഹം വീണ്ടും സംസാരിച്ചു.

- സ്നേഹം വിശുദ്ധമാണെന്നും അതുകൊണ്ടുതന്നെ അതിനെപ്പറ്റിയുള്ള സംസാരം നിരോധിക്കപ്പെട്ടിരിക്കയാണെന്നും അദ്ദേഹം പറഞ്ഞു. സ്നേഹത്തിൽ സ്നേഹിക്കുന്ന ആൾ, സ്നേഹം, സ്നേഹിക്കപ്പെടുന്നയാൾ ഇവ മാത്രമേയുള്ളൂ.
- നമ്മൾ അഭ്യാസികൾ സംസ്ക്കാരകൾ കൂടാതെ, പുരോഗതിക്കും മാറ്റങ്ങൾക്കും വിഘാതമായി നിൽക്കുന്ന അഹന്തയുടെ ഒരു കൂറ്റൻ ഭാണ്ഡവും പേറുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
- പുരോഗതിയുണ്ടാവണമെങ്കിൽ നാം മാറേണ്ടതുണ്ടെന്നും ആ മാറ്റത്തെ ക്ഷണിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. നാം മാറ്റത്തെ പ്രതിരോധിക്കുകയും മാസ്റ്റർ നമ്മെ മുന്നോട്ടേയ്ക്ക് നയിക്കുമ്പോൾ നാം നിന്നിടത്ത് തന്നെ നിൽക്കാൻ താൽപര്യപ്പെടുകയുമാണ്. മാറ്റങ്ങെള നാം എത്രമാത്രം സ്വീകരിക്കുമോ അത്രമാത്രമേ മാസ്റ്റർ അതിൽ മുൻകൈയെടുക്കുകയുള്ളൂ. മാറ്റങ്ങൾ ഉൾക്കൊള്ളുക അത്ര എളുപ്പമല്ല, ആ മാർഗം സാധാരണക്കാർക്കുള്ളതല്ല; അസാധാരണ വ്യക്തികൾക്കുള്ളതാണ്.

## 2015 ഏപ്രിൽ 30

സ്റ്റേജിൻെറ പശ്ചാത്തലം മനോഹരമായി അലങ്കരിച്ചിരിക്കുന്നു. ഒരു വശത്ത് പ്രിയങ്കരനായ ബാബുജിയും മറുവശത്ത് ഒരു പറ്റം പക്ഷികളും. 'ദൈവീക സ്നേഹവുമായുള്ള ലയം' എന്ന വാക്കുകളും കാണാം.

രാവിലെ 6.30 ൻെറ സത്സംഗത്തിനു ശേഷം സഹോദരൻ ഗുർപ്രീത് രണ്ടു ഭക്തിഗാനങ്ങൾ ആലപിച്ചു. മുഴുവൻ അഭ്യാസികളും അതിൽ ലയിച്ചു. ബാബുജിയുടെ ജീവിതത്തെക്കുറിച്ചുള്ള സി.ഡി യുടെ ഒന്നും രണ്ടും ഭാഗങ്ങൾ ധ്യാനമന്ദിരത്തിൽ പ്രദർശിപ്പിച്ചു. 11 മണിയുടെ സത്സംഗത്തിനുശേഷം അദ്ദേഹത്തിൻെറ ചിന്തകൾ പങ്കിടാനും ലാലാജി, ബാബുജി, അമ്മ ജാനകി, ഭാര്യ സുലോചന, സഹോദരൻ കോദണ്ഡരാമൻ തുടങ്ങിയവർ പ്രിയങ്കരനായ ചാരിജിയ്ക്ക് അയച്ച സന്ദേശങ്ങളുൾക്കൊള്ളുന്ന *വിസ്പേഴ്സ് ഫ്രം ദ ബ്രൈറ്റർ വേൾഡിൻെറ* ഒരു പ്രത്യേക പതിപ്പ് പുറത്തിറക്കാനുമായി സഹോദരൻ പി ആർ. കൃഷ്ണയെ ക്ഷണിച്ചു. ആത്മീയാന്വേഷണവുമായി മുന്നോട്ടുള്ള യാത്രയിൽ നമ്മെ നയിക്കാൻ സഹോദരൻ കമലേഷിനെ തിരഞ്ഞെടുത്ത ഗുരുപരമ്പരയിൽ അഭിമാനിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നുമെന്നു അദ്ദേഹം പ്രഭാഷണത്തിനിടെ പറഞ്ഞു. നമ്മെ സേവിക്കലല്ല മറിച്ച് തന്നെ തിരഞ്ഞെടുത്ത, താൻ വാക്കു കൊടുത്ത ഗുരുപരമ്പരയെ സേവിക്കാലാണ് മാസ്റ്ററുടെ ധർമ്മമെന്ന കാര്യം നാം ഓർമ്മിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

എന്തൊക്കെ പ്രയാസങ്ങളുണ്ടായാലും മിഷനെ സേവിക്കുന്നതിൽ തൻെറ പിതാവ് ഒരിക്കലും ക്ഷീണിതനായിരുന്നില്ലെന്ന് ചാരിജിയെപ്പറ്റി അദ്ദേഹം പറഞ്ഞു. വിസ്പേഴ്സ് ഫ്രം ദ ബ്രൈറ്റർ വേൾഡിലെ സന്ദേശങ്ങളെല്ലാം സമാഹരിച്ച് ധാരാളം ഫോട്ടോകളും ചേർത്ത് മനോഹരമാക്കിയ ഒരു പ്രത്യേകപതിപ്പ് ഇറക്കണമെന്ന ആഗ്രഹം ചാരിജിക്ക് ഉണ്ടായിരുന്നു. ആ പുസ്തകം തയ്യാറാക്കിക്കൊണ്ടിരിക്കേ അത്യധികം ആനന്ദത്തോടെ അദ്ദേഹം തനിക്ക് ലഭിച്ചുകൊണ്ടിരുന്ന പുതിയ സന്ദേശങ്ങൾ അതോടൊപ്പം ചേർത്തുകൊണ്ടിരുന്നു. ആ പുസ്തകത്തിൻെറ ആദ്യത്തെ കോപ്പി തയ്യാറായപ്പോൾ അദ്ദേഹം അതീവ സന്തുഷ്ടനായിരുന്നു.

ഇതിനെ തുടർന്ന് നമ്മുടെ സഹജമാർഗ കുടുംബത്തിലെ കുട്ടികൾ ധാരാളം പുസ്തകങ്ങൾ പ്രകാശനം ചെയ്തു

അഞ്ചരയുടെ സത്സംഗത്തിനു ശേഷം സഹോദരി രഞ്ചന മേത്ത, അഗാധമായി ലയിച്ചു പോവും വിധം രണ്ടു ഭക്തിഗാനങ്ങൾ ആലപിച്ചത് ആ വിശേഷാന്തരീക്ഷത്തിൻെറ മാറ്റ്കൂട്ടി. അപ്പോൾ കമലേഷ് ഭായ് ഒരു പ്രഭാഷണം നടത്തി. നാം പരസ്പരം വിമർശിക്കരുതെന്നും ഒരു കുടുംബമായി അംഗീകരിക്കാനും അനുഭവിക്കാനും കഴിയേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. മാസ്റ്ററുമായി നിരന്തരമായ ഒരു ആന്തരിക ബന്ധം സ്ഥാപിക്കേണ്ടതിൻെറ ആവശ്യകതയും അദ്ദേഹം എടുത്തുപറഞ്ഞു.

- അഭ്യാസികൾക്ക് വിമർശിക്കുന്ന സ്വഭാവമുണ്ടെന്നറിഞ്ഞ് താൻ അസ്വസ്ഥനാണെന്ന് കമലേഷ് ഭായ് പറഞ്ഞു.





നമ്മളൊരു കുടുംബമാണെന്നും ഏതൊരു കുടുംബത്തിലും ചെയ്യുന്നത് പോലെ പരസ്പരം സംസാരിച്ച് പരിഹാരം കണ്ടു പിടിക്കണമെന്നും പറഞ്ഞു. നമ്മുടെ പ്രിയങ്കരനായ ചാരിജിയുടെ മഹാസമാധി മുതൽക്ക് വന്നിട്ടുള്ള ധാരാളം മാറ്റങ്ങൾക്ക് വിമർശനങ്ങൾ താൻ കേൾക്കുന്നുണ്ടെന്നും, ഓരോ പ്രവർത്തിയും മാസ്റ്റർമാരുടെ അധികാരശ്രേണിയുടെ ആഗ്രഹപ്രകാരമാണെന്നും ധൈര്യപൂർവ്വം അദ്ദേഹം പ്രസ്താവിച്ചു.

- ഇച്ഛാശക്തിയെക്കുറിച്ച് സംസാരിക്കവെ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "നമുക്കാവശ്യം തീവ്രമായ ആഗ്രഹമാണ് (ഇച്ഛ) അതിനുള്ള ശക്തി അദ്ദേഹം നമുക്ക് നൽകും".
- നമ്മൾ മാസ്റ്ററെപ്പോലെയാവാൻ തീവ്രമായായി ആഗ്രഹിക്കണം. എന്നിരുന്നാലും "എന്നെ അങ്ങയേപ്പോലെയാക്കൂ" എന്ന് വെറുതെ ആഗ്രഹിക്കുന്നത് മണ്ടത്തരമാണ്. നാം ഓരോ കാൽവെപ്പിലും നമുക്ക് എന്ത് മാറ്റമാണ് വേണ്ടതെന്നും എന്ത് ദൗർബല്യമാണ് നീക്കേണ്ടതെന്നും ആലോചിക്കുകയും അങ്ങനെ ചെയ്യുന്നതിലൂടെ മാസ്റ്ററുമായി ഒരു സ്ഥിരമായ ബന്ധം സ്ഥാപിച്ചെടുക്കുകയും വേണം.
- മാസ്റ്ററുടെ ദർശനത്തിനായുള്ള ഭ്രമത്തെപ്പറ്റി സംസാരിക്കവെ അദ്ദേഹം പറഞ്ഞു, ബാബുജിയെ കാണുവാൻ ഇത്പോലെ ധാരാളം ആളുകൾ വന്നിരുന്നു, പക്ഷെ അവരൊന്നും അദ്ദേഹത്തെ കണ്ടില്ല. ഇത് കാണുവാനുള്ള കാര്യമല്ല മറിച്ച് ഉള്ളിൽ അനുഭവിക്കാനുള്ളതാണ്.

## 2015 മെയ് 1

ഭണ്ഡാരയുടെ അവസാന ദിവസത്തിൻെറ പ്രധാന വിഷയം "അജ്ഞാതമായിരിക്കുന്ന ദിവ്യപ്രേമം" എന്നായിരുന്നു. അവസാനത്തെ സത്സംഗത്തിനു ശേഷം, നമ്മൾ ഭണ്ഡാരകളിലൂടെ കൈവരിച്ച അവസ്ഥയെ സ്വയം തിരിച്ചറിയുന്നതിനെ പറ്റി കമലേഷ് ഭായ് സംസാരിച്ചു. ഭണ്ഡാരകൾക്കായി നാം സ്വയം



തയ്യാറെടുക്കുക, നമ്മുടെ ആഗ്രഹങ്ങളെ അതിജീവിക്കുക, ധ്യാനത്തിനായി ഒരു നിശ്ചിത സമയമുണ്ടാവുക എന്നിവയെക്കുറിച്ച് സംസാരിക്കുകയും തിരുവള്ളൂരിലുള്ള അടുത്ത ഭണ്ഡാരയിൽ ധാരാളം അഭ്യാസികളെ കാണുമെന്ന് പ്രതീക്ഷയും തനിക്കുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

അദ്ദേഹം എല്ലാ വളൻറിയർമാർക്കും, ആഘോഷ കമ്മിറ്റിക്കും ലഖ്നൗ അഭ്യാസികൾക്കും ആശ്രമം മാനേജർക്കും പിന്നെ ഭണ്ഡാര നടത്തുവാൻ കൂട്ടത്തോടെ പ്രവർത്തിച്ച എല്ലാവർക്കും തൻെറ നന്ദി രേഖപ്പെടുത്തി. പ്രിയങ്കരനായ ചാരിജിയുടെ 88–ാം പിറന്നാൾ ആഘോഷത്തിനായി തിരുവള്ളൂരിൽ മൊത്തം അഭ്യാസികളേയും കാണുവാനാകുമെന്ന തൻെറ പ്രതീക്ഷ അദ്ദേഹം വെളിപ്പെടുത്തി.

സമാപന സത്സംഗത്തിനുശേഷം ബഹുമാനപ്പെട്ട കമലേഷ് ഭായ് ആഘോഷകമ്മിറ്റി അംഗങ്ങളെ കോട്ടേജിൽ വെച്ച് കണ്ട് അവരുടെ സംഭാവനകൾക്കെല്ലാം നന്ദി പറഞ്ഞ്, അവരുടെ കൂടെ പ്രാതൽ കഴിക്കുകയും ചെയ്തു. സഹജമാർഗ്ഗ സ്പിരിച്വാലിറ്റി ഫൗണ്ടേഷൻെറ ഭരണാധികാരികളുമായി രാവിലെ 10 മണിക്കൊരു യോഗം ചേർന്നു. ഏകദേശം 11 മണിയോടെ അദ്ദേഹം പ്രവർത്തന സമിതി അംഗങ്ങളുമായി കൂടികാഴ്ച്ച നടത്തുകയും തുടർന്ന് അവരുടെ കൂടെ ഉച്ച ഭക്ഷണം കഴിക്കുകയും ചെയ്തു.

ആഘോഷത്തിൽ തങ്ങളുടെ സാന്നിദ്ധ്യം രേഖപ്പെടുത്തുവാനായി ഗോൾഡൻ ബുക്കിൽ ഒപ്പിടാൻ എല്ലാ അഭ്യാസികളോടും ആവശ്യപ്പെട്ടിരുന്നു. ഈ ജോലി എളുപ്പമാക്കാൻ അഭ്യാസികൾ തങ്ങിയിരുന്ന ടെൻറുകളുടെ പരിസരങ്ങളിൽ പത്ത്പേരടങ്ങിയ യുവ വളൻറിയർമാരുടെ സംഘങ്ങൾ താത്കാലിക മേശകളുമായി നടക്കുന്നുണ്ടായിരുന്നു.







പ്രാർത്ഥനയെക്കുറിച്ചും ചിന്തകളെക്കുറിച്ചും കമലേഷ് ഭായ് അടുത്തിടെ നൽകിയ നിർദ്ദേശങ്ങൾ ഒരു വിസിറ്റിംഗ് കാർഡിൻെറ വലുപ്പത്തിലും, "വ്യക്തിത്വത്തിൻെറ പ്രശ്നങ്ങൾ" എന്ന ബാബുജിയെഴുതിയ ലേഖനവും അഭ്യാസികൾക്ക് വിതരണം ചെയ്യപ്പെട്ടു.

## കുട്ടികളുടേയും യുവാക്കളുടേയും വേദികളിലെ പ്രവർത്തനങ്ങൾ

ഒരു ഉജ്ജ്വലമായ കുട്ടികളുടെ സെൻറർ വ്യത്യസ്ഥ പ്രായത്തിലുള്ളവർക്കായി തയ്യാറാക്കിയിരുന്നു. രക്ഷിതാക്കൾക്ക് സത്സംഗത്തിൽ പങ്കെടുക്കുന്നതിന് സൗകര്യപ്രദമായി തടസ്സമൊന്നും നേരിടാതിരിക്കാൻ വേണ്ടി രാവിലെ 6 മുതൽ വൈകീട്ട് 7 വരെ തുറന്നിരുന്നു. ഏകദേശം 2,800 കുട്ടികൾ പേർ നൽകിയതിനെ മൂന്നു ഗ്രൂപ്പുകളായി തിരിച്ചു. അവിടത്തെ പ്രവർത്തനങ്ങൾ 'ലാളിത്യം' എന്നതിനെ അടിസ്ഥാന മാക്കിയായിരുന്നു. എല്ലായിടവും വിവിധ രാജ്യങ്ങളിലെ ഉത്സാഹഭരിതരായ കുട്ടികൾ നിർമ്മിച്ച ഹൃദയത്തിൻെറ രൂപങ്ങ ളാൽ അലംകൃതമായിരുന്നു. മൂല്യങ്ങൾ ഉയർത്തി പ്പിടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ കളികൾ നടന്നു. ഭണ്ഡാരയുടെ സമയത്ത് മിഷൻ പ്രസിദ്ധീകരണങ്ങൾ പ്രകാശനം ചെയ്യുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നതിനുള്ള നറുക്കെടുപ്പായിരുന്നു അതിലെ മുഖ്യ ആകർഷാത്മകമായ പരിപാടി. കമലേഷ് ഭായിയുടെ സാന്നിദ്ധ്യത്തിൽ പുസ്തകം പ്രകാശനം ചെയ്യുന്നതിന് അവസരം ലഭിച്ചതിൽ കുട്ടികൾ സന്തോഷഭരിതരായിരുന്നു.

കുട്ടികളെ പങ്കെടുപ്പിച്ച് മട്ടുപ്പാവിലെ ഉദ്യാനം തയ്യാറാക്കുന്നതിന് മണ്ണ് തയ്യാറാക്കുകയും ചെടികൾ വെയ്ക്കുകയും ചെയ്തുകൊണ്ടാണ് ഓരോ ദിവസവും തുടങ്ങിയത്. അതിനുശേഷം ചെടികളോട് സംസാരിക്കുക എന്ന പരിപാടിയിലും കുട്ടികൾ കുറച്ച് സമയം ചിലവഴിച്ചു. പരിപാടികളുടെ തുടക്കത്തിൽ എങ്ങനെ വിശ്രാന്തി നേടാം എന്നതും കുട്ടികൾ പരിശീലിച്ചു. ഒമ്പതാമത്തെ സൂക്തം ഹൃദിസ്ഥമാക്കാനും അവസരമുണ്ടായിരുന്നു. ബാബുജിയുടെ ജീവിതം പരിചയപ്പെടുത്തുന്നതിന്, ഏപ്രിൽ 30-ന് ബാബുജി യുടെ കുട്ടിക്കാലത്തെ മുഖ്യ ഭാഗങ്ങളെ ചേർത്തിണക്കി ഒരു ചെറിയ അവതരണം 'ബാബുജിയുടെ ജീവിതം' എന്ന വീഡിയോ ആസ്പദമാക്കി കാണിച്ചു. ലഖ്നൗ നഗരത്തിനെ കുറിച്ചുള്ള അവതരണവുമുണ്ടായിരുന്നു.

കുട്ടികളുടെ വിനോദദത്തിനായി 29,30 തിയതികളിൽ വൈകുന്നേരസമയത്ത് യു.പി. ടൂറിസം മന്ത്രാലയം ബൊമ്മക്ക ളിക്കാരേയും മാന്ത്രികരേയും ഏർപ്പാടാക്കിയിരുന്നു. കാൻപൂർ, വിജയവാഡ, ലഖ്നൗ, ചെന്നൈ എന്നിവിടങ്ങളിലെ കുട്ടികൾ അവതരിപ്പിച്ച സാംസ്കാരിക പരിപാടിയും ഇതോടൊപ്പം ഒരുക്കിയിരുന്നു.





13 മുതൽ 17 വരെ പ്രായത്തിലുള്ള കുട്ടികൾ ‘നാസ’ അതിജീവന കളി ആസ്വദിച്ചു. ‘എപ്പോഴും ബന്ധപ്പെട്ടിരിക്കുക’, ‘മാസ്റ്ററോട് വിശ്വസ്ഥതയോടേ’, ‘അദ്ദേഹത്തിൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുക’ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയ പരിപാടികളും ഈ പ്രായക്കാർക്കായി സംഘടിപ്പിച്ചിരുന്നു.

കുട്ടികളുടേയും യുവാക്കളുടേയും വേദിയിലെ പരിപാടികൾ അവസാന ദിവസം മാസ്റ്റർ കുട്ടികൾക്കായി ഏർപ്പെടുത്തിയ ഐസ്ക്രീം വിതരണത്തോടെ അവസാനിച്ചു.



## പുതിയ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനങ്ങൾ

## Books



Complete Works of Ram Chandra
Volume 1 (Tamil)




Complete Works of Ram Chandra
Volume 4 (Hindi)




The Story of Divine Revolution
(English)




Complete Works of Ram Chandra
Volume 5

(English, Gujarati, Hindi, Kannada, Marathi, Tamil, Telugu)

## MP3 Audiobook



Whispers from the Brighter World
Hindi




Voice Real
English



Commentary on Ten Maxims &
Efficacy of Raja Yoga
Telugu




Commentary on Ten Maxims &
Efficacy of Raja Yoga
Urdu

## പുതിയ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനങ്ങൾ

തുടർച്ച...




## MP3 Audio

Raagon Ke Rang, Malik ke sang
Hindi










## English DVDs

50 Years of Splendour
Cleanliness and Purity
The Universe is Love
Experience and Condition
Evolve With Time
Read & Enjoy
A Seed for Future






















## Hindi DVDs

Sadhana Me Dubiye
Sahaj Marg Ko Dil Se Apnayiye
Ten Maxims - Rishi Ranjan

To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2015 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.